بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്ബ്ബ**

**സംഗ്രഹം**

**1-08-2025**

# യു.കെ ജൽസ സാലാന:
# അവലോകനവും പങ്കെടുത്തവരുടെ പ്രതികരണവും

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ ഇസ്‌ലാബാദിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ ഞായറാഴ്ച യു.കെ ജൽസ സാലാനയ്ക്ക് തിരശ്ശീല വീണു. വളരെ ഐശ്വര്യപൂർണവും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പ്രകടമാക്കുന്നതുമായ മൂന്ന് സുദിനങ്ങളാണ് കടന്നുപോയത്. ആ മൂന്ന് ദിവസങ്ങളിൽ അല്ലാഹു നമുക്കുമേൽ അവന്റെ അളവറ്റ അനുഗ്രഹങ്ങൾ ചൊരിഞ്ഞു. കൂടാതെ എല്ലാ അർഥത്തിലും ജൽസയെ അനുഗൃഹീതമാക്കുകയും അത് ഭംഗിയായി അവസാനിക്കുകയും ചെയ്തത് അവന്റെ മഹത്തായ ഔദാര്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാലാവസ്ഥയും അനുകൂലമായിരുന്നു. എല്ലാ പരിപാടികളും വളരെ വിജയകരമായി പരിസമാപ്തി കുറിച്ചു. ജൽസയിലെ മുഖ്യ കാര്യപരിപാടികളായ പ്രസംഗങ്ങൾക്കും മറ്റ് പരിപാടികൾക്കും പുറമെ വിവിധ വകുപ്പുകൾ തയ്യാറാക്കിയ തബ്ലീഗുപരവും വൈജ്ഞാനികവുമായ പ്രദർശനങ്ങൾ  അല്ലാഹുവിന്റെ അനുഗ്രഹത്താൽ അന്യരിൽ വളരെ നല്ല സ്വാധീനമുളവാക്കി. കൂടാതെ മിക്ക അഹ്മദികൾക്കും അതുമുഖേന തങ്ങളുടെ അറിവ് വർദ്ധിപ്പിക്കാൻ തൗഫീഖ് നല്കി.

അതുപോലെ എം.ടി.എ.യും ജൽസയിലെ കാര്യപരിപാടികളുടെ ഇടവേളകളിൽ വിവിധതരം വൈജ്ഞാനിക പരിപാടികൾ സംപ്രേക്ഷണം ചെയ്തു. അത് ആളുകളിൽ നല്ല മതിപ്പുളവാക്കി. മറ്റ് രാജ്യങ്ങളിലുള്ള അഹ്മദി പ്രേക്ഷകരും ഇതിൽ നിന്നും ധാരാളം പുതിയ കാര്യങ്ങൾ അറിയാൻ സാധിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചു.  എം.ടി.എ. ഈ വർഷം ലോകത്തിലെ ഏകദേശം 56 രാജ്യങ്ങളിലെ 119 കേന്ദ്രങ്ങളുമായി ഈ ജൽസയെ ബന്ധിപ്പിച്ചു. ഈ ബന്ധത്തിലൂടെ ഇരുവശത്തുമുള്ള ആളുകൾക്ക് പരസ്പരം കാണാൻ കഴിഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടങ്ങളിൽ ഉള്ളവർക്ക് തങ്ങൾ സ്വയം ഇവിടെ സന്നിഹിതരാണെന്ന പ്രതീതിയുണ്ടായി. അതുകൊണ്ട് ഈ ആധുനിക കണ്ടുപിടുത്തങ്ങൾ മുഖേന ലോകത്തിലെ എല്ലാ അഹ്മദികളെയും ഒരുമിച്ച് കൂട്ടിയത് അഹ്മദിയ്യാ ജമാഅത്തിന് ലഭിച്ച അല്ലാഹുവിന്റെ വലിയ അനുഗ്രഹങ്ങളിൽ ഒന്നാണ്. ഉമ്മത്തെ വാഹിദ (ഏകോപിത സമുദായം) ആകുന്ന ഈ കാഴ്ച ലോകത്ത് മറ്റെവിടെയും കാണാൻ സാധിക്കില്ല.

ഈ വർഷം പൊതുവെ ക്രമീകരണങ്ങൾ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് വളരെ മികച്ചതാണെന്ന് മിക്ക ആളുകളും അഭിപ്രായപ്പെട്ടു. ഇവിടെ പങ്കെടുത്തവരും വിവിധ രാജ്യങ്ങളിൽ ടിവിയിൽ പരിപാടികൾ കണ്ടവരും ഇതേ അഭിപ്രായക്കാരായിരുന്നു. ഒരു പ്രത്യേക അന്തരീക്ഷമായിരുന്നു. ഇതെല്ലാം അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹാതിരേകമാണ്. ജൽസയിൽ അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹങ്ങൾ വർഷിക്കുന്നുണ്ടെന്ന് എല്ലാവർക്കും അസാധാരണമാംവിധം അനുഭവപ്പെട്ടു.

അല്ലാഹു പറയുന്നു, നിങ്ങൾ അവന്റെ നന്ദിയുള്ള ദാസന്മാരാകുക. നിങ്ങൾ കൃതജ്ഞത കാണിച്ചാൽ

ഞാൻ നിങ്ങൾക്കുമേൽ പേർത്തും പേർത്തും അനുഗ്രഹങ്ങൾ ചൊരിയുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് കൂടുതൽ അവകാശികളാകാൻ നന്ദി കാണിക്കേണ്ടത് അനിവാര്യമാണ്. അല്ലാഹു തന്നെക്കുറിച്ച് സ്വയം പറഞ്ഞു, ഇന്നല്ലാഹ ശാക്കിറുൻ അലീം. അതായത്, നിശ്ചയമായും അല്ലാഹു വളരെ വിലമതിക്കുന്നവനും സർവജ്ഞനുമാണ്. അല്ലാഹുവിന് വേണ്ടി '*ശുക്ർ*' എന്ന വാക്ക് ഉപയോഗിക്കുമ്പോൾ, അത് വിലമതിക്കുന്നവൻ എന്ന അർഥത്തിലാണ് പ്രയോഗിക്കുന്നത്. അപ്പോൾ അല്ലാഹു നന്ദിയുള്ളവരെ വിലമതിക്കുന്നു. തത്ഫലമായി അല്ലാഹു അവരെ കൂടുതൽ അനുഗ്രഹിക്കുന്നു. ഇത് വെറും വാക്കുകളിലൊതുങ്ങരുത്. മറിച്ച്, നന്ദിവികാരം ഉണ്ടായിരിക്കണം. അല്ലാഹു തന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ ഈ വികാരം വളരെയധികം സൃഷ്ടിച്ചിട്ടുണ്ട്. അല്ലാഹു അതിനെ വർദ്ധിപ്പിക്കുമാറാകട്ടെ. ഇവിടെ പങ്കെടുത്തവരെല്ലാം ഒരുകാര്യം ഓർക്കണം, അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതു പോലെ ജോലി ചെയ്യുന്ന പ്രവർത്തകർക്കും നന്ദി പ്രകടിപ്പിക്കണം. അല്ലാഹു പ്രവർത്തകരുടെ ജോലികൾ എളുപ്പമാക്കിയതിലും അവരുടെ ബുദ്ധിമുട്ടുകൾ നീക്കിയതിലും അവരുടെ എല്ലാ ജോലികളിലും പുരോഗതി വരുത്തിയതിലും കൂടുതൽ ആളുകളെ സേവിക്കാൻ അവർക്ക് തൗഫീഖ് നല്കിയതിലും അങ്ങനെ പങ്കെടുക്കുന്നവർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭിച്ചതിലും മികച്ച സൗകര്യങ്ങൾ ലഭിച്ചതിലും നന്ദി പ്രകടിപ്പിക്കണം.
ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസയിൽ പങ്കെടുത്തവരുടെ എണ്ണം 50,000 ആയിരുന്നു. അതിനാൽ, അല്ലാഹു എങ്ങനെയാണ് പ്രവർത്തകർ വഴി അവർക്ക് സൗകര്യങ്ങൾ ഉണ്ടാക്കിയത് എന്നോർത്ത് ഈ 50,000 പേർ നന്ദിയുള്ളവരായിരിക്കണം. അവർക്ക് ഗതാഗത ഭക്ഷണ സൗകര്യങ്ങളിലും അതുപോലെ ജൽസ പരിപാടികൾ കേൾക്കുന്ന കാര്യത്തിലും ഒന്നും തന്നെ യാതൊരു ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടില്ല. കൂടാതെ അവരുടെ മറ്റ് വിവിധ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്തു. അതുകൊണ്ട് കേവലം ദൈവാനുഗ്രഹത്താലാണ് ഇക്കാര്യങ്ങളെല്ലാം സുഗമമായി നടന്നത്. അല്ലാതെ അതിൽ നമ്മുടെ ഒരു മികവുമില്ല. അല്ലാഹു തങ്ങൾക്ക് തൗഫീഖ് നല്കിയതിലും തങ്ങളുടെ ജോലികൾക്ക് മികച്ച ഫലങ്ങൾ നല്കിയതിലും പ്രവർത്തകർ നന്ദിപ്രകടിക്കുന്നതുപോലെ വിവിധ മേഖലകളിൽ നിന്നും വിവിധ വിദ്യാഭ്യാസ നിലവാരമുള്ള അനേകമാളുകൾ രാപകൽഭേദമന്യേ അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി മാത്രം സന്നദ്ധപ്രവർത്തകരായി അവരുടെ ഡ്യൂട്ടികൾ നല്കിയതിൽ, പങ്കെടുക്കുന്നവരും നന്ദിയുള്ളവരായിരിക്കണം. അതുപോലെ, കാനഡയിൽ നിന്നും ഓസ്ട്രേലിയയിൽ നിന്നും ധാരാളം ഖുദ്ദാം വന്നിരുന്നു. അവർ ജൽസക്ക് മുമ്പും ജൽസ സമയത്തും സഹായിച്ചു. ശേഷമുള്ള വൈൻഡ് അപ്പ് കാര്യങ്ങളിലും സഹായിക്കുന്നു. അല്ലാഹു അവർക്കും തക്കതായ പ്രതിഫലം നല്കട്ടെ.
ഒരു ഖുദ്സിയായ ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു, അല്ലാഹു തന്റെ ദാസന്മാരോട് പറയുന്നു, എന്റെ ഇന്ന ദാസൻ നിന്നോട് ഔദാര്യം കാണിച്ചു. എന്നാൽ നീ അവനോട് നന്ദി പറഞ്ഞില്ല. അപ്പോൾ ദാസൻ പറയും, അല്ലാഹുവേ, നീയല്ലേ എന്നോട് ഔദാര്യം കാണിച്ചത്. ഞാൻ നിന്നോട് നന്ദി പറഞ്ഞു. ഞാൻ പറഞ്ഞുകൊണ്ടുമിരിക്കും. അപ്പോൾ അല്ലാഹു പറയും, അല്ല. ആ ദാസനിലൂടെയാണ് ഞാൻ നിന്നോട് ഔദാര്യം കാണിച്ചത്. അങ്ങനെയാണ് നിന്റെ ജോലികൾ നടന്നത്. അതുകൊണ്ട് ആ ദാസനോട് നന്ദി പറയേണ്ടതും അത്യാവശ്യമാണ്. അല്ലാഹു അവന്റെ ദാസന്മാർക്ക് നന്ദിയുള്ളവരായിരിക്കണമെന്നാണ് നമ്മളിൽ നിന്നും ആഗ്രഹിക്കുന്നത്. അങ്ങനെ പൂർണമായും നന്ദിഭരിതമായ ഒരന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. അവിടെ നാലു ഭാഗത്തുനിന്നും നന്ദിയുണ്ടാകും. ഇക്കാര്യം നമ്മൾ എപ്പോഴും ഓർമ്മിക്കണം.
ഒരുപാട് നല്ല പ്രതികരണങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവിടെ വന്ന പല അതിഥികളും പറഞ്ഞത് ഇങ്ങനെയാണ്, ഞങ്ങൾ വിവിധ ജോലികൾ ചെയ്യുന്നവരോട് അവരുടെ നിത്യവൃത്തിക്കുള്ള ജോലിയെ കുറിച്ച് അന്വേഷിച്ചു. അവരുടെ പ്രവർത്തനരീതി കണ്ടപ്പോൾ അവർ കൂലിപ്പണിക്കാരായിരിക്കുമെന്ന് ഞങ്ങൾ വിചാരിച്ചു. ഒരാൾ പറഞ്ഞു, ഞാൻ ഒരു സ്ഥാപനത്തിലെ മേലുദ്യോഗസ്ഥനാണ്. മറ്റൊരാൾ പറഞ്ഞു, ഞാൻ അധ്യാപകനാണ്. ഒരാൾ പറഞ്ഞു, ഞാൻ പി.എച്ച്.ഡി. വിദ്യാർഥിയാണ്. ഒരാൾ പി.എച്ച്.ഡി. ബിരുദം നേടിയിട്ടുണ്ട്. അതുകൊണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ അതിഥികളെ സേവിക്കാനും അല്ലാഹുവിന്റെ പ്രീതി നേടാനും വേണ്ടി സ്വയം സമർപ്പിക്കുന്ന ഇത്തരം ആവേശമുള്ള ആളുകൾ ഉണ്ട്.
ഇവിടെ അന്യരും വരുന്നു. വിവിധ രാജ്യങ്ങളിൽ നിന്ന് ജമാഅത്തിനെക്കുറിച്ച് പ്രാഥമികമായി മാത്രം അറിയുന്നവരും വരുന്നു. ഈ അതിഥികൾ, അഹ്മദികൾ പറയുന്നത് പ്രവർത്തിക്കുന്നവരാണോ എന്ന്

നോക്കിക്കാണാനാണ് വരുന്നത്. വിവിധ തൊഴിൽമേഖലകളിലുള്ള ഈ പ്രവർത്തകർ ഇങ്ങനെ ജോലി ചെയ്യുമ്പോൾ, സാധാരണ തൊഴിലാളികളെപ്പോലെ ജോലി ചെയ്യുമ്പോൾ, അത് അവരിൽ വലിയ സ്വാധീനം ചെലുത്തുന്നു. അവരത് പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഒരു നിശബ്ദ തബ്‌ലീഗാണിത്. അതുപോലെ ജമാഅത്തിൽ പുതുതായി വരുന്നവർക്കും അതുപോലെ ആദ്യമായി ഇവിടെ വരുന്നവർക്കും പ്രചോദനം ലഭിക്കുന്നു. ഇവിടെയുള്ളവർ അവരെ എത്രമാത്രം ബഹുമാനത്തോടെയാണ് സൽക്കരിക്കുന്നത്. അവരോട് എത്രമാത്രം നന്നായി പെരുമാറുന്നു എന്ന് അവർ കാണുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതിന് നമ്മളെല്ലാം അല്ലാഹുവിന് നന്ദിയുള്ളവരായിരിക്കണം. ഞാൻ പറഞ്ഞതുപോലെ ചില അഭിപ്രായങ്ങൾ ഇപ്പോൾ അവതരിപ്പിക്കാം.

റോഡറിഗ് ഐലൻഡ് പോലീസ് ഫോഴ്സിന്റെ അസിസ്റ്റന്റ് കമ്മീഷണർ മിസ്റ്റർ മനു ജലോജ് മിൽചൻ ഇവിടെ വന്നിരുന്നു. അദ്ദേഹം പറയുന്നു, ജൽസയുടെ ദിവസങ്ങളിൽ ഞാൻ കണ്ടത് വളരെ മാതൃകാപരമായ ഒരു കാര്യമാണ്. സംഘാടന മികവിന്റെയും അച്ചടക്കത്തിന്റെയും ഒരു അമൂല്യ പാഠം നല്കുന്ന ഒന്നായിരുന്നു അത്. പതിനായിരം സന്നദ്ധപ്രവർത്തകരുടെ സാന്നിധ്യം ഒരത്ഭുതമായിരുന്നു. എല്ലാവരും മാതൃകാപരമായ അർപ്പണബോധത്തോടെ തോളോടുതോൾ ചേർന്ന് സേവനം ചെയ്തു.

ബെൽജിയത്തിൽ നിന്നുള്ള ഒരു അതിഥി, മനുഷ്യാവകാശ സംഘടനയായ എച്ച്ആർഡിഎഫിന്റെ പ്രതിനിധിയായ മിസ്റ്റർ സതൂർ ജൽസയിൽ പങ്കെടുത്തു. അദ്ദേഹം പറയുന്നു, ആയിരക്കണക്കിന് ആളുകൾ നിരവധി ദിവസത്തേക്ക് പങ്കെടുത്ത ഇത്രയും വലിയ ഒരു സംഗമം സംഘടിപ്പിച്ചത് തീർച്ചയായും ഒരു അസാധാരണ വിജയമാണ്. സംഘടനാപാടവം മാത്രമല്ല, അതിനു പിന്നിലുള്ള ഉദാത്തമായ ധാർമിക അടിത്തറയും എന്നെ ആകർഷിച്ചു.

ബൾഗേറിയയിൽ നിന്നുള്ള ഒരു നവഅഹ്മദി പറയുന്നു, ഈ അനുഗൃഹീത ദിവസങ്ങളിൽ ഞാൻ സമാനതകളില്ലാത്ത ഒരാത്മീയ അന്തരീക്ഷം അനുഭവിച്ചു. അതിന്റെ ഭാഗമാകാൻ എനിക്ക് സൗഭാഗ്യം ലഭിച്ചു. നല്ലൊരു അനുഭവമായിരുന്നു അത്. വളരെ പ്രഭാവപൂർണമായിരുന്നു. കാരണം ഇവിടെ അതിഥികളുടെ സൗകര്യവും, വിശ്രമവും വളരെ സൂക്ഷ്മതയോടെ പരിഗണിക്കപ്പെട്ടു. ജോർജിയയിൽ നിന്നുള്ള ഒരതിഥി പറയുന്നു, ജൽസയിലെ സമാധാനപരമായ അന്തരീക്ഷം, പ്രസംഗങ്ങൾ, ഖലീഫയുടെ പ്രഭാഷണങ്ങൾ എന്നിവ ആത്മീയതയിൽ പുരോഗതി നല്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു. സ്വീഡനിൽ നിന്നുള്ള ഒരു അറബ് ലജ്ന പറയുന്നു, ജൽസ സാലാന ഒരു വലിയ ഭവനം പോലെയാണ്. അത് മുഴുവൻ കുടുംബത്തെയും ഉൾക്കൊള്ളുന്നു.

അല്ലാഹു, പങ്കെടുത്ത എല്ലാ അതിഥികളുടെയും ഹൃദയം കൂടുതൽ വിശാലമാക്കുകയും, അവർ അഹ്മദിയ്യത്തിനെയും യഥാർത്ഥ ഇസ്‌ലാമിനെയും മനസ്സിലാക്കുകയും, കാലഘട്ടത്തിന്റെ ഇമാമിനെ അംഗീകരിക്കുന്നവരാകുകയും ചെയ്യട്ടെ. നവാഗത അഹ്മദികളുടെ വിശ്വാസവും ആത്മാർഥതയും വർദ്ധിപ്പിക്കട്ടെ. അതുപോലെ, എല്ലാ അഹ്മദികൾക്കും ജൽസയിൽ കണ്ടതും കേട്ടതുമായ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ അല്ലാഹു സൗഭാഗ്യമരുളട്ടെ. അവർ അതിനെ അവരുടെ ജീവിതത്തിന്റെ ഭാഗമാക്കട്ടെ. ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുന്നവരാകട്ടെ. ഈ വികാരം എപ്പോഴും നിലനിൽക്കട്ടെ. എല്ലാ അഹ്മദികളും ജൽസയുടെ അനുഗ്രഹങ്ങളിൽ നിന്ന് എപ്പോഴും ഭാഗഭാക്കാകട്ടെ. കൂടാതെ, അവരുടെ സ്വന്തം ആത്മാവിനെയും ചുറ്റുപാടുകളെയും സംസ്ക്കരിക്കാൻ അവർ പൂർണമായി ശ്രമിക്കട്ടെ.

ഇതിനെക്കുറിച്ചുള്ള പത്രവാർത്തകളുടെ ഒരു ഹ്രസ്വറിപ്പോർട്ടും ഞാൻ കേൾപ്പിക്കാം.

ജമാഅത്തിന്റെ പ്രസ് ആൻഡ് മീഡിയ വിഭാഗത്തിനുകീഴിൽ ഏകദേശം നാല്പത്തിയൊമ്പത് വെബ്സൈറ്റുകളുണ്ട്. പത്രങ്ങളിൽ പതിനേഴ് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. അത് ദശലക്ഷക്കണക്കിന് ആളുകൾ വായിച്ചു. റേഡിയോയിൽ ഇരുപത്തിയഞ്ച് പരിപാടികൾ ഉണ്ടായിരുന്നു. അതുകൂടാതെ ടിവിയും സമൂഹമാധ്യമങ്ങളുമെല്ലാം കൂട്ടിച്ചേർത്താൽ ഏകദേശം നൂറ് ദശലക്ഷം ആളുകളിലേക്ക് ഈ വാർത്ത എത്തി.

MTA ആഫ്രിക്ക വിവിധ ചാനലുകളിലൂടെ നടത്തിയ ജൽസ സാലാനയുടെ സംപ്രേഷണം കണ്ടതിന് ശേഷം അമ്പതിൽ അധികം ആളുകൾ പുതുതായി ബയ്അത്ത് ചെയ്തു. ജൽസ സാലാനയുടെ സംപ്രേഷണം ഇരുപത്തിരണ്ട് ദേശീയ, പ്രാദേശിക ടിവി ചാനലുകളിലുണ്ടായിരുന്നു. മുന്നൂറ്റിനാല്

മണിക്കൂർ സംപ്രേഷണം ഉണ്ടായിരുന്നു. അറുപത്തിയഞ്ച് ദശലക്ഷം ആളുകളിലേക്ക് സന്ദേശം എത്തി. ജൽസയുമായി ബന്ധപ്പെട്ട് റേഡിയോ സ്റ്റേഷനുകളിൽ തൊണ്ണൂറ്റിയൊന്ന് വ്യത്യസ്ത റിപ്പോർട്ടുകൾ സംപ്രേഷണം ചെയ്തു. ഈ വഴിയിലൂടെ പതിനാറ് ദശലക്ഷം ആളുകളിലേക്ക് സന്ദേശം എത്തി. മറ്റ് വിവിധ മാധ്യമ സ്ഥാപനങ്ങളിലൂടെ നാൽപ്പത്തിയേഴ് റിപ്പോർട്ടുകൾ സംപ്രേഷണം ചെയ്തു, അതിലൂടെ നൂറ്റമ്പത് ദശലക്ഷം ആളുകളിലേക്ക് സന്ദേശം എത്തി.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ഗസ്സ ഫലസ്തീനിലെ ശഹീദായ അബ്ദുൽ കരീം ജമാൽ ജൗദ സാഹിബിനെ അനുസ്മരിക്കുകയും നമസ്കാരത്തിന് ശേഷം അദ്ദേഹത്തിന്റെ ജനാസ ഗാഇബ് നമസ്കാരം നിർവഹിക്കുന്നതാണെന്ന് അറിയിക്കുകയും അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുകയും അദ്ദേഹത്തിന്റെ കുട്ടികളെ സംരക്ഷിക്കുകയും ചെയ്യട്ടെ എന്ന് ദുആ ചെയ്യുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ
بِهِ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ
يُضْلِلْهُ فَلَا هَادِىَ لَهُ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهُ وَ رَسُوْلُهُ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
AT HADEEQATUL MAHDI UK ON 01.08.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516